# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T 3027
## 18.10.2016 ലെ മറുപടിയ്ക്ക്
## കോൺട്രിബ്യൂട്ടറി പെൻഷൻ

**ചോദ്യം :**
**ശ്രീ.സി.മമ്മൂട്ടി**

**ഉത്തരം :**
**ഡോ.ടി.എം.തോമസ് ഐസക്**
**(ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| എ | കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീമിൽ ചേർന്ന സർക്കാർ ജീവനക്കാരുടെ കുടിശ്ശിക തുക അടയ്ക്കുന്നതിൽ നിന്നും ജീവനക്കാരെ ഒഴിവാക്കുമോ യെന്ന് വ്യക്തമാക്കുമോ; | 01.04.2013 ന് ശേഷം സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാരന്റെ ശമ്പളത്തിന്റെ 10% വും (10% of pay + DA) തത്തുല്യമായ ഒരു തുക സർക്കാർ വിഹിതവും ചേർത്ത് PFRDA നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ജീവനക്കാരൻ വിരമിക്കുമ്പോൾ ഇത്തരത്തിൽ സമാഹരിക്കപ്പെട്ട തുകയിൽ നിന്നും അയാൾക്ക് പെൻഷൻ വിഹിതം അന്വിറ്റി ആയി നൽകുകയും ചെയ്യുന്നതാണ് നിലവിലുള്ള എൻ.പി.എസ്.സ്കീം. നിക്ഷേപത്തിന് അനുസൃതമായി മാത്രമേ വിരമിക്കൽ ആനുകൂല്യങ്ങൾ ആയി ലഭിക്കൂ എന്നതിനാൽ ജീവനക്കാരുടെ കുടിശ്ശിക തുക അടയ്ക്കുന്നതിൽ നിന്നും അവരെ ഒഴിവാക്കുന്നതു സംബന്ധിച്ച് തീരുമാനം കൈകൊണ്ടിട്ടില്ല.<br>14.01.2015 ലെ സർക്കാർ ഉത്തരവ് (പി) നം. 25/2015/ധന പ്രകാരം ജീവനക്കാർ കുടിശ്ശിക തുക അടവാക്കേണ്ടതിന്റെ നടപടി ക്രമങ്ങൾ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. |
| ബി | കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീമിലെ തുക സർക്കാർ മേൽനോട്ടത്തിൽ ട്രഷറി കളിൽ നിക്ഷേപിക്കുന്ന തിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയി ക്കാമോ; | ഗവൺമെന്റ് ഓഫ് ഇന്ത്യ പരാമർശിച്ചിട്ടില്ലാത്ത മറ്റൊരു ഏജൻസിയിലും എൻ.പി.എസ് വിഹിതം അടവാക്കാൻ നിലവിൽ വ്യവസ്ഥയില്ല. 1956 ലെ SCRA (സെക്യൂരിറ്റീസ് കോൺട്രാക്ട്സ് റെഗുലേഷൻ ആക്ട്,1956) പ്രകാരം, ട്രഷറിയിൽ സെക്യൂരിറ്റി ഫണ്ട് തുടങ്ങാനും വ്യവസ്ഥയില്ല. ഈ സാഹചര്യത്തിൽ കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീമിലെ തുക ട്രഷറിയിൽ നിക്ഷേപിക്കാൻ നിലവിൽ സാധിക്കില്ല. |
| സി | കോൺട്രിബ്യൂട്ടറി പെൻഷൻ കാർക്ക് മിനിമം പെൻഷൻ ഏർപ്പെടുത്തുമോയെന്ന് വ്യക്ത മാക്കുമോ? | 01.04.2013 ന് ശേഷം സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാരന്റെ ശമ്പളത്തിന്റെ 10% വും (10% of pay + DA) തത്തുല്യമായ ഒരു തുക സർക്കാർ വിഹിതവും ചേർത്ത് PFRDA നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ജീവനക്കാരൻ വിരമിക്കുമ്പോൾ ഇത്തരത്തിൽ സമാഹരിക്കപ്പെട്ട തുകയിൽ നിന്നും അയാൾക്ക് പെൻഷൻ വിഹിതം അന്വിറ്റി ആയി നൽകുകയും ചെയ്യുന്നതാണ് നിലവിലുള്ള എൻ.പി.എസ് സ്കീം. പി.എഫ്.ആർ.ഡി.എ ആക്ട് പ്രകാരം നിക്ഷേപത്തിന് അനുസൃതമായി ലഭിക്കുന്ന തുകയ്ക്ക് മാത്രമേ വിരമിക്കുന്ന സമയത്ത് അർഹതയുള്ളൂ. |

സെക്ഷൻ ഓഫീസർ